**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 203** **08.02.2016 ന് മറുപടിയ്ക്ക്**

**ബാർ തൊഴിലാളികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | അടച്ചു പൂട്ടിയ ബാറുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കാനെന്ന നിലയിൽ മദ്യവില്പനയിലൂടെ ഇതിനകം സമാഹരിച്ച മൊത്തം തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ; | (എ) | അടച്ചുപൂട്ടിയ ബാറുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് "പുനർജനി" എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മദ്യ വിൽപ്പന നികുതിയിന്മേൽ 5% റിഹാബിലിറ്റേഷൻ സെസ്സ് ഇനത്തിൽ ശേഖരിക്കുന്ന തുകയാണ് ഈ പദ്ധതിയ്ക്കായി സമാഹരിക്കുന്നത്. ഈയിനത്തിൽ 2015 ഡിസംബർ വരെ 335.88 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |
| (ബി) | സമാഹരിച്ച തുക ഇതിനകം എന്തെല്ലാം കാര്യങ്ങൾക്കായി വിനിയോഗിക്കുകയുണ്ടായി ; | (ബി) | സർക്കാരിന്റെ അബ്കാരി നയത്തിന്റെ ഭാഗമായി അടച്ചുപൂട്ടിയ ബാറുകളിലെ രജിസ്റ്റേർഡ് തൊഴിലാളികൾക്ക് ഇടക്കാലാശ്വാസധനമെന്ന നിലയിൽ ആദ്യഗഡുവായി 5,000/- രൂപയും രണ്ടാം ഗഡുവായി 10,000/- രൂപയും അനുവദിച്ചു നൽകുകയുണ്ടായി. കൂടാതെ ബാറുകൾ അടച്ചു പൂട്ടിയതു മൂലം ആത്മഹത്യചെയ്ത രജിസ്റ്റേർഡ് തൊഴിലാളികളുടെ ആശ്രിതർക്ക് 2 ലക്ഷം രൂപാ വീതം ആശ്വാസധനമായും അനുവദിച്ചിട്ടുണ്ട്. |
| (സി) | പുനരധിവാസത്തിനർഹതയുള്ളവർ എത്ര; ഇവരെയെല്ലാം പുനരധിവസിപ്പിക്കാനാവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ? | (സി) | അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയാണ് ടി ഹോട്ടലുകളിൽ ബിയർ/വൈൻ പാർലറുകൾ അനുവദിച്ചത്. പ്രസ്തുത ബിയർ/വൈൻ പാർലറുകളിൽ ടി തൊഴിലാളികൾക്ക് എല്ലാം തന്നെ ജോലി നൽകണം എന്നു വ്യവസ്ഥയും ചെയ്തിരുന്നു. |

**സെക്ഷൻ ഓഫീസർ**